"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് -കേന്ദ്രാവിഷ്കൃത പദ്ധതി - ബ്ലൂ റവല്യൂഷൻ 2017-18 - സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക തിരികെ നൽകുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ.(സാധാ) നം.818/2019/മ.തു.വ തീയതി,തിരുവനന്തപുരം, 06/11/2019

---

പരാമർശം:- 1) 06.08.2018 ലെ സ.ഉ.(സാധാ)നം.648/2018/മതുവ
2) 05.02.2019 ലെ സ.ഉ.(സാധാ)നം.94/2019/മതുവ
3) 18.06.2019 ലെ സ.ഉ.(സാധാ)നം.425/2019/മതുവ
4) ഫിഷറീസ് ഡയറക്ടറുടെ 11.10.2019 ലെ സി1/9380/18 നമ്പർ കത്ത്.

ഉത്തരവ്

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി ജില്ലാ ഓഫീസർമാർക്ക് വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക ജില്ലകളിലെ ബന്ധപ്പെട്ട ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിച്ചിക്കുകയും, ടി തുക 14/12/2017 ലെ ധനകാര്യ വകുപ്പിന്റെ നം.156/2017, 28/03/2018 ലെ നം.51/2018 എന്നീ സർക്കുലറുകൾ പ്രകാരം സർക്കാർ പിൻവലിച്ചു. ടി തുകയിൽ 2017-18 സാമ്പത്തിക വർഷത്തിലെ ബ്ലൂ റവല്യൂഷൻ പദ്ധതിയുടെ അനുബന്ധമായുള്ള വിവിധ പദ്ധതികൾക്കായി 2405-00-103-77 (പി) എന്ന ശീർഷകത്തിൽ നിന്നും മാറി വിവിധ ജില്ലകളിലെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 10,02,89,000/- രൂപയും ഉൾപ്പെട്ടിരുന്നുവെന്നും, ആയതിൽ 5,79,21,000/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ 2405-00-103-77 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി പരാമർശം (1), (2) പ്രകാരം ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തു.

2. ബ്ലൂ റവല്യൂഷൻ 2017-18 പദ്ധതികൾക്ക് 2,93,98,670/- രൂപ 2019-20 സാമ്പത്തിക വർഷം 2405-00-103-77 (പി) എന്ന ശീർഷകത്തിൽ നിന്നും ജില്ലകൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകുകയും, പരാമർശം (3) പ്രകാരം പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചു നൽകുകയും, ചെയ്തിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റവല്യൂഷൻ 2017-18 പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയിൽ നിന്നും സർക്കാർ പിൻവലിച്ചതിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട 86,30,959/- രൂപ (എൺപത്തി ആറു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി അൻപത്തി ഒൻപതു രൂപ മാത്രം) കൂടി 2019-20 സാമ്പത്തിക വർഷത്തിൽ 2405-00-103-77 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നതിൽ നിന്നും ജില്ലകൾക്ക് അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റവലൂഷൻ 2017-18 പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട 86,30,959/- രൂപ (എൺപത്തി ആറു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി അൻപത്തി ഒൻപതു രൂപ മാത്രം) 2019-20 സാമ്പത്തിക വർഷം 2405-00-103-77 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ജില്ലകൾക്ക് അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ